# KUWAIT MALANKARA RITE MOVEMENT

**(Affiliated to MCA)**

Patron : Moran Mor Cardinal Baselios Cleemis Catholicos,
Major Archbishop of the Syro-Malankara Catholic Church.

Reg. No. : INDEMB / KWT / ASSN / 82

---

# നസ്രേത്ത് നൈറ്റ്–2016

## (ക്രിസ്തുമസ് പുതുവത്സര കുടുംബസംഗമം)

*ഇന്ത്യൻ സെൻട്രൽ സ്കൂൾ ഓഡിറ്റോറിയം, അബ്ബാസിയാ*

*2016 ജനുവരി 22 വെള്ളിയാഴ്ച്ച 3.00 മുതൽ 9.00 വരെ.*

## *മത്സര നിബന്ധനകൾ*

### 1) ക്രിസ്തുമസ് ട്രീ, നാടൻ കരോൾ

- ക്രിസ്തുമസ് ട്രീ ക്രിത്രിമമായി നിർമ്മിച്ചവയായിരിക്കണം, ക്രിസ്തുമസ് ട്രീയ്ക്ക് അലങ്കാരങ്ങൾ, നക്ഷത്രം, ക്രിസ്തുമസ് പപ്പാ, എന്നിവ ഉണ്ടായിരിക്കണം. ക്രിസ്തുമസ് ട്രീയോടൊപ്പം പുൽക്കൂട് അനുവദനീയമല്ല.
- ക്രിസ്തുമസ് ട്രീയുടെ ഉയരം 6 Feet to 8 Feet ആയി പരിമിതിപ്പെടുത്തിയിരിക്കുന്നു.
- ക്രിസ്തുമസ് ട്രീ അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് വച്ച് മാത്രം നിർമ്മിക്കേണ്ടതാണ്.
- ക്രിസ്തുമസ് ട്രീ ഒരുക്കുന്നതിനുള്ള സമയം 3.30pm മുതൽ 4.30pm വരെ ആയിരിക്കും.
- 4.30pm–ന് അംഗങ്ങളുടെ പങ്കാളിത്ത നിർണ്ണയവും, പ്രാഥമിക വിധി നിർണ്ണയവും, 5.00 pm മുതൽ 5.30pm വരെ അവസാനഘട്ട വിധിനിർണ്ണയവും നടത്തുന്നതാണ്.
- ആദ്യവിധി നിർണ്ണയ സമയത്ത് (4.30p.m.) ഒരു നാടൻ ക്രിസ്തുമസ് കരോൾ ഗാനം മാത്രം അവതരിപ്പിക്കേണ്ടതാണ്. നാടൻ കരോൾ ഗാനത്തിന് 5.00 മിനിട്ട് സമയം അനുവദിച്ചിരിക്കുന്നത്
- അവസാനഘട്ട വിധിനിർണ്ണയ സമയത്ത് ക്രിസ്തുമസ് പാപ്പാ ഒഴികെ മററ് അംഗങ്ങൾ ക്രിസ്തുമസ് ട്രീയുടെ സമീപം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.
- പൊതുവായ ആകർഷണീയത ആയിരിക്കും വിധിനിർണ്ണയത്തിൻെറ മാനദണ്ഡം.
- നാടൻ കരോൾ മത്സരത്തിൽ Drum, side drum മുതലായവയും, മത്സരത്തിന് മികവേകുന്ന പരമ്പരാഗത രീതിയിൽ ഉള്ള ക്രമീകരണങ്ങളും നടത്താവുന്നതാണ്.

### 2) ക്രിസ്തുമസ് കരോൾ ഗാന മത്സരം

- ഓരോ പ്രാർത്ഥനാ ഗ്രൂപ്പിൽ നിന്നും ഒരു ടീം വീതം പങ്കെടുക്കാവുന്നതും, ഒരോ ടീമിനും ഒരു ഗാനം മാത്രം അനുവദിക്കുന്നതുമാണ്. പരമാവധി അവതരണ സമയം 7.00 മിനിട്ട് ആയിരിക്കും. സ്റ്റേജ് ക്രമീകരണത്തിന് 4.00 മിനിട്ടും, സ്റ്റേജ് വിടുന്നതിന് ഒരു (1) മിനിട്ടും ഉണ്ടായിരിക്കും.

- പശ്ചാത്തല സംഗീതത്തിന് പരമാവധി രണ്ട് സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഒരേ ഇനത്തിൽപ്പെട്ട ഒന്നിൽ കൂടുതൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിന് കെ.എം.ആർ.എം. അംഗമല്ലാത്ത ഒരു വ്യക്തിയെ പരിഗണിക്കാവുന്നതാണ്.
- ഒരു ടീമിൽ കുറഞ്ഞത് 10 പേരെങ്കിലും ഉണ്ടായിരിക്കണം, എന്നാൽ പരമാവധി 30 അംഗങ്ങളിൽ കൂടാൻ പാടില്ല.
- മത്സരത്തിൽ ക്രിസ്തീയ ഗാനങ്ങൾ മാത്രമെ ആലപിക്കാൻ പാടുള്ളു. ഫൈനൽ കോളിനു ശേഷം 30 സെക്കൻഡിനുള്ളിൽ കരോൾ ഗാനം തുടങ്ങേണ്ടതാണ്.

## 3) സാൻറാ ഷോ മത്സരം

- MCLS കുട്ടികൾക്കായി മാത്രം ക്രമീകരിച്ചിരിക്കുന്ന ഒരു വ്യക്തിഗത ഒരു മത്സരമാണിത്.
- ഈ മത്സരങ്ങൾ LKG, UKG, 1st ക്ലാസുകൾ, 2 മുതൽ 5 വരെ ക്ലാസുകൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
- ഓരോ മത്സരാർത്ഥിയും സാൻറായായി സ്റ്റേജിൽ വന്നു പോകുന്നതിനുള്ള സമയം പരമാവധി 2.00 മിനിട്ട് മാത്രം ആയിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുകൾ 2015 ജനുവരി 10-ന് മുൻപായി ബാലദീപം ആനിമേറ്റർ വഴി പ്രോഗ്രാം കമ്മറ്റിയെ ഏൽപ്പിക്കേണ്ടതാണ്.

## *പൊതു നിബന്ധനകൾ.*

1) മത്സരങ്ങൾ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആയിരിക്കും നടത്തുന്നത്. (സാൻറാ ഷോ ഒഴികെ).

2) മത്സരങ്ങളുടെ മാധ്യമം മലയാളം മാത്രമായിരിക്കും.

3) അതാത് പ്രയർ ഗ്രൂപ്പിലെ അംഗങ്ങളെ ഉൾപ്പെടുത്തി മാത്രമെ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പാടുള്ളൂ.

4) സ്റ്റേജിൽ പ്രയർ ഗ്രൂപ്പിൻെറ പേര് വെളിപ്പെടുത്തുവാൻ പാടുള്ളതല്ല.

5) അംഗങ്ങൾ പ്രയർ ഗ്രൂപ്പ് മാറിയിട്ടുണ്ടങ്കിൽ പ്രസ്തുത അംഗത്തിൻെറ ട്രാൻസ്ഫർ ഫോം പ്രയർ ഗ്രൂപ്പ് കോർഡിനേറ്റർ / കമ്മറ്റി മെമ്പർ മുഖേന 2016 ജനുവരി 10-ന് മുൻപായി മാനേജിംഗ് കമ്മററിയെ ഏൽപ്പിക്കേണ്ടതാണ്. ആയതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല, പ്രസ്തുത അംഗങ്ങളെ നിലവിലുള്ള പ്രയർ ഗ്രൂപ്പ് അംഗമായി മാത്രം പരിഗണിക്കുന്നതായിരിക്കും.

6) മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുകൾ 2016 ജനുവരി 10-ന് മുൻപായി ഏരിയാ കമ്മറ്റി അംഗങ്ങൾ മുഖേന പ്രോഗ്രാം കമ്മററിക്ക് ലഭിച്ചിരിക്കേണ്ടതാണ്.

7) മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് സമ്മാനം നൽകുന്നതായിരിക്കും.

8) മത്സരങ്ങളുടെ ആദ്യാവസാനം അംഗങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്ന പ്രയർ ഗ്രൂപ്പിന് പ്രത്യേക ട്രോഫി നൽകുന്നതായിരിക്കും. പങ്കാളിത്തം നിശ്ചയിക്കുന്നത്, പ്രയർ ഗ്രൂപ്പിൻെറ ആകെ അംഗസംഖ്യയിൽ നിന്നും പങ്കെടുക്കുന്നവരുടെ ശതമാനത്തിൻെറ അടിസ്ഥാനത്തിലായിരിക്കും.

അംഗങ്ങളുടെ പങ്കാളിത്വം നിർണ്ണയിക്കുന്നത് പ്രാധാനമായും ക്രിസ്തുമസ് ട്രീ വിധിനിർണ്ണയം, പൊതു സമ്മേളനം, സ്റേറജ് പരിപാടികൾ എന്നീ സമയങ്ങളിലായിരിക്കും.

9) വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും

10) മത്സരങ്ങൾ നിശ്ചിത സമയത്തിനു മുകളിൽ അധികരിച്ചാൽ ലഭിക്കുന്ന ആകെ പോയിൻറിൻെറ 5 ശതമാനം കുറയ്ക്കുന്നതായിരിക്കും.

11) മത്സരങ്ങളുടെ സംഘാടനാ സംബന്ധമായ പരാതികൾ മത്സരത്തിനുശേഷം 15 മിനിട്ടിനകം എഴുതി തയ്യാറാക്കിയ പരാതി, ഏരിയാ കമ്മറ്റി അംഗത്തിൻെറ ഒപ്പോടുകൂടി KD.25/- സഹിതം പ്രയർ ഗ്രൂപ്പ് കോർഡിനേറ്റർ മുഖേന ജൂറി ഓഫ് അപ്പീലിന് നൽകാവുന്നതാണ്.

12) പ്രോഗ്രാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രയർ ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് പ്രോഗ്രാം കമ്മററിയുമായും, ജൂറി ഓഫ് അപ്പീലുമായും ബന്ധപ്പെടുവാൻ പ്രയർ ഗ്രൂപ്പ് കോർഡിനേറ്റർ, ഏരിയാ കമ്മററി മെമ്പർ എന്നിവർക്ക് മാത്രമേ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

13) പ്രോഗ്രാം കഴിഞ്ഞു പോകുന്നതിനു മുമ്പായി ക്രിസ്തുമസ് ട്രീ, സ്റ്റേജ് അവതരണം എന്നിവയ്ക്ക് കൊണ്ടുവരുന്ന മുഴുവൻ സാധനസാമഗ്രികളും അതാത് പ്രയർ ഗ്രൂപ്പിൻെറ നേതൃത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.

14) പ്രസിഡൻറ്, സെക്രട്ടറി, ട്രഷറാർ, അഡ്വൈസറി ബോർഡ് ചെയർമാൻ, ജനറൽ കൺവീനർ സിനഡ് കമ്മീഷൻ അംഗം എന്നിവർ പരിപാടികളിൽ പങ്കെടുക്കുവാൻ പാടുള്ള തല്ല.

കെ.എം.ആർ.എം. മാനേജിംഗ് കമ്മറ്റിയ്ക്ക്വേണ്ടി,

**റവ. ഫാ. ബിനോയി കൊച്ചുകരിക്കതിൽ**
(ആത്മീയ ഉപദേഷ്ടാവ്)

| | | |
|---|---|---|
| **സാംമോൻ എ.ഒ.** | **ഷാജി ജോർജ്ജ്** | **രാജൻ മാത്യു** |
| പ്രസിഡൻറ് | ജനറൽ സെക്രട്ടറി. | ജനറൽ കൺവീനർ |